പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3213

07.02.2018-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി.ഉബൈദുള്ള | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി പോലുള്ള പ്രകൃതി ദുരന്തങ്ങളുടെ പാശ്ചാത്തലത്തിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനുമായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കടലിൽ മത്സ്യബന്ധനത്തിനായി പോകുന്നവരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി പല പുതിയ പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു ണ്ട്. കടലിൽ പോകുന്ന മത്സ്യത്തൊഴിലാ ളികൾക്ക് കാലാവസ്ഥാ സംബന്ധിച്ചും പ്രകൃതി ക്ഷോഭങ്ങളെക്കുറിച്ചും മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ 'നാവിക്' എന്ന ഉപകരണം ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്തിട്ടു ണ്ട്. 1500 കി.മീ. അകലെ വരെ ഈ ഉപകരണത്തിന്റെ സഹായത്താൽ സന്ദേശം എത്തിക്കാൻ കഴിയും. ഈ ഉപകരണത്തിൽ റേഡിയോ ബീക്കൺ കൂടി ഉൾപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും ആ വിവരം രേഖപ്പെടുത്തുന്നതിനുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ NIC വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതും ഉടൻ നടപ്പിലാക്കുന്നതാണ്. ഓഖി ദുരന്ത ത്തിൽ വള്ളങ്ങളും അനുബന്ധ ഉപകരണങ്ങളും നഷ്ടപ്പെട്ട പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ സുരക്ഷിതമായ എഫ്.ആർ.പി. ബോട്ടു കൾ നൽകുന്നതിനാവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് നൽകിയിട്ടു ണ്ട്. മത്സ്യബന്ധന ഉപകരണങ്ങൾ പൂർണ്ണമായും നഷ്ട പ്പെട്ടവർക്ക് അവ പുനഃസ്ഥാപിച്ച് നൽകുന്നതിന് 988.80 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടു ണ്ട്. കടലിൽ അപകടത്തിൽപ്പെടുന്നവരെ വളരെ വേഗം രക്ഷിച്ച് കരയിലെത്തിക്കുന്നതിന് ശേഷിയുള്ള മറൈൻ ആംബുലൻസ് യാഥാർത്ഥ്യമാക്കുന്നതിനു ള്ള നടപടികൾ വേഗത്തിൽ പുരോഗമിക്കുന്നു. മത്സ്യബന്ധനത്തിനു പോകുമ്പോൾ ഉണ്ടാകുന്ന അപകടങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ടി ജീവൻ രക്ഷാ ഉപകരണങ്ങൾ ഉൾക്കൊള്ളുന്ന സുരക്ഷാ കിറ്റുകൾ വിതരണം ചെയ്യുന്നതിനു ള്ള പദ്ധതികളും ആവിഷ്കരിച്ചുവരുന്നു. |
| (ബി) | നിലവിൽ ദുരന്തത്തിൽ അകപ്പെട്ട എത്ര മത്സ്യത്തൊഴിലാളികൾക്ക് എത്ര തുക ധനസഹായം അനുവദിച്ചു; വിശദാംശം നൽകുമോ? | (ബി) | ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും, ഫണ്ട് ബോർഡിന്റെ ഇൻഷുറൻസ് തുകയായ 5 ലക്ഷം രൂപയും, ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2 ലക്ഷം രൂപയും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനായി കടലിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2000/- രൂപ വീതം ഉപജീവന സഹായം അനുവദിച്ചു. അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി 5000/- രൂപ വീതം അനുവദിച്ചു നൽകി. മരണപ്പെട്ട 49 പേർക്ക് നഷ്ടപരിഹാരം പൂർണ്ണമായി നൽകി കഴിഞ്ഞു. ബാക്കിയുള്ളവർക്കുള്ള ധനസഹായം അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ